**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2489** **24-06-2024 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ ഗവൺമെന്റ് വനിതാ കോളേജ് സിന്തറ്റിക് ട്രാക്ക് ഗ്രൗണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-2023 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അഴീക്കോട് മണ്ഡലത്തിലെ ഗവൺമെന്റ് വനിതാ കോളേജിലെ സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകാമോ; | (എ) | 04.01.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം.9/2023/കാ.യു.വ. പ്രകാരം കണ്ണൂർ ജില്ലയിലെ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ. വുമൺസ് കോളേജിൽ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിയിൽ പ്രധാനമായും ഹോസ്റ്റൽ ബിൽഡിങ്, ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തികൾ, മഡ് കോർട്ട്, ഫെൻസിങ്, നീന്തൽകുളം & ബാലൻസിംഗ് ടാങ്ക്, ക്രിക്കറ്റ് പിച്ച്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് മുന്നോടിയായി ടി സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ/ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുള്ള സാങ്കേതികാനുമതി നൽകി 05.01.2024 തീയതിയിൽ കരാറിലേർപ്പെടുകയും 15.04.2024 തീയതിയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് ഹോസ്റ്റൽ ബിൽഡിങ്ങിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ഉൾപ്പെടെ തയ്യാറാക്കി 16.05.2024 തീയതിയിൽ സ്പോർട്ട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ ടി പ്രവൃത്തിയ്ക്ക് 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 15.07.2024 അവസാന തീയതിയായി 01.07.2024 ൽ ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ